
FLASH
digital magazine
GHS Mankada

# അറിയാതെ പോയത്

എന്നുള്ളിൽ കുളിച്ചിട്ട്കിനാക്കളെ

ജല പ്രവാഹമായി പുറത്തേക്ക് തള്ളുമ്പോൾ

മോഹക്കിനാ കൂട്ടിൽ നിന്ന് കെട്ടഴിച്ച്

പുറത്തേക്ക് ചാടാൻ വെമ്പുമ്പോൾ

ഉയിരിൽ നിന്ന് ഉയർത്തെഴുന്നേൽക്കും മന്ദമാരുതൻ

സ്വപ്നങ്ങളായ് വീശുമ്പോൾ

അക്കപൂവിൽ നിന്ന് കുളിർനിശ്വാസമുയരവേ

എന്തോ പറയാൻ വെമ്പുന്ന ചുണ്ടുകളെ

പിടിച്ചടക്കാൻ ശ്രമിക്കുമ്പോൾ

കനവായും നിനവായും നാളുകൾ തള്ളിനീക്കവേ

ഗഗനത്തിൽ കണ്ണുനീരായ്

സ്വപ്നം ഭൂമിയിൽ പതിക്കവേ

തീരാ ജന്മങ്ങൾ തോരാമഴയത്ത് കയറവേ

അറിഞ്ഞില്ല മഴയായി പെയ്യുന്ന സ്വപ്നങ്ങളെ....

ഹിമ പി

7B

രാത്രിയുടെ കിനാവുകൾ

രാത്രിതൻ നേർത്ത കിനാവിൻ അഴികളിലൂടവേ

ചിത്രരംഗിണിയായ് മാരിപെയ്യുമ്പോൾ

ഞാനെൻറെ സ്വപ്നലോകത്തിൽ

കവാടത്തിൽ കടക്കവേ

ലോലമായി മൺവീണ മീട്ടുന്ന

ശലഭമായി വാനിൽ പറന്നുയരുവാൻ മോഹം

വൃക്ഷ ശിഖരങ്ങളെന്നെ മൂടുന്നു

ദൂരെയാ കാണുന്ന

മലനിരകൾ എന്നെ അന്ധയാക്കുന്നു

സുഗന്ധപൂരിതമായ കാറ്റു തഴുകുന്നു

ഞാനെൻറെ നയനങ്ങൾ തുറക്കവേ

ഇതെല്ലാം എൻറെ സ്വപ്നമോ...?

ഇതെല്ലാം എൻറെ സ്വപ്നമോ....?

അവന്തിക വി

7 B

## കാകദൃഷ്ടി

ഏതോ ദിക്കിൽ നിന്ന് ഞാൻ ആഗ്രഹിക്കുന്ന

രാക്ഷസന്മാരുടെ കാലൊച്ചകൾ

അകന്നു മാറണം ഭ്രതദൃഷ്ടികള്ൽ നിന്നും

പടുകൂറ്റൻ മലയുടെ മറവിൽ

പറിച്ചു കളയണം ആ കണ്ണുകളെ

ആകാശം തൊടും തോട്ടി കൊണ്ട്

അകറ്റ് നിർത്തിടാം കഴുകൻ കണ്ണുകളെ

കാഴ്ചയിൽ നിന്നും അകലെ

ചേർത്തു നിർത്താം ഉരുക്ക് വചനങ്ങളെ

വിശ്വമനോഹര ജീവിതം കെട്ടിപ്പടുക്കാൻ

കൂടെ നിർത്താം കവിതയാകാം ശക്തിയെ

വാനിൽ വേണ്ടുവോളം പറക്കാൻ

ഭീതി തെളിക്കും പാദസരങ്ങൾ മായ്ക്കാൻ

ശബ്ദമുയർത്തി ലാ പ്രപഞ്ചമാകെ

ചേർന്ന് നിൽക്കാം ഒരു കുടക്കീഴിൽ

നല്ലൊരു നാളെ പണിതുയർത്താൻ.

സൽവ പി

9A

# കാലൻറെ കാലൊച്ചകൾ

ഒരിക്കൽ വീടിൻറെ ഉമ്മറപ്പടിയിൽ നിന്നും

ചെവിയോർത്താൽ കേൾക്കാമായിരുന്നു

ആ കാലൊച്ചകൾ..

അത് നയിച്ചത് എൻറെ വീടിനെ ഒരു

കണ്ണീർ പുഴയിൽ മുക്കാനായിരുന്നു

കിന്നരിച്ചു തലോടി വളർത്തിയ എൻ

കൊച്ചുമകനെ കൊണ്ടുപോകാനായി

ക്ഷണം സ്വീകരിച്ചു വന്ന കാലൻറെ

കാലൊച്ചകൾ ആയിരുന്നു.

ഭയമാണ് ഇനിയും കാതോർക്കുമ്പോൾ

ആ ഭീകര കാലൊച്ചകൾ കേൾക്കാതിരിക്കട്ടെ.

കീർത്തന രാജ് കെസി

9H




42
Scanned with CamScanner

# നിൻ കാലൊച്ചകൾ

തിരികെ എത്താനായി കഴിഞ്ഞകാലം

നൊമ്പരം പെയ്തൊഴിഞ്ഞൊരു കാലം

കാലൊച്ചകൾ മാഞ്ഞാലി കാലത്തിനൊപ്പം

സഞ്ചരിക്കുന്നു നാം ഒഴുകും നദി പോലെ

ഇന്നലെ പെയ്തൊരാ മഴയെപോലെ

ഇന്നും മുഴങ്ങുന്ന അവളുടെ കാലൊച്ചകൾ

എൻറെ ചെവിയിൽ മധുരനാദമായി

അവളെന്നിൽ പ്രണയത്തിനലയായി

അവൾ മാഞ്ഞ വഴികളിൽ അവളുടെ

നിഴലായി എന്നും നടക്കുമ്പോൾ വരാന്തകളിൽ

പോയകാലം തന്ന നൊമ്പരത്തിൽ കൂടെ

അകലുന്നു ഞാനിന്ന് മോക്ഷാർത്തിയായ്.

എൻറെ മനസ്സിൽ കുടിയേറിയ

നിൻറെയാ കൊലുസ് കിലുങ്ങുന്ന കാലൊച്ചകൾ

മറക്കാൻ ശ്രമിക്കുന്ന നേരത്ത് എന്നുള്ളിൽ

പെയ്തിറങ്ങുന്ന നീ പ്രണയമായ്

മറക്കില്ല ഞാൻ സഖി

ജീവൻ വെടിയുന്ന നേരത്ത് പോലും...

അഭിനവ് കൃഷ്ണൻ

10 B

## മഴ സമ്മാനിച്ച നിമിഷം

കാലം പകവീട്ടി കൊണ്ട് കാലവർഷം വന്നെത്തി. ഇത്തവണയും ഒരു പ്രണയം രൂപപ്പെട്ട ഇല്ലെന്നും അതോടെ ഒരു പ്രദേശം കരുതലോടെ തൊട്ടടുത്ത ചേരിയിലേക്ക് നോക്കിയിരിപ്പാണ്. അവരിലൊരു ഭയ വികാരമായി ഞാനും. കടപ്പുറത്തെ മുക്കുവനെ മകനായി ജനിച്ച ഗോപുവിനെ ചിന്തകളെ മഴ അസഹ്യം ആക്കി. മഴ തോരാതെ പെയ്തുകൊണ്ടിരിക്കുകയാണ്. അച്ഛൻ രണ്ടുമൂന്നു ദിവസമായി മീൻ പിടിക്കാൻ പോയിട്ട്. കാരണം ചോദിച്ചപ്പോൾ മഴയല്ലേ എന്ന് മറുപടി. ഇടയ്ക്ക് അച്ഛൻറെ കണ്ണിൽനിന്നും മഴ പെയ്യുന്നത് ഞാൻ കണ്ടു. ഞങ്ങൾ മൂന്നു പേരടങ്ങുന്ന കുടുംബത്തിന് ആവശ്യമായ സുഖസൗകര്യങ്ങൾ ഒന്നുമില്ല. ഇടയ്ക്ക് പട്ടിണി. മഴയുടെ ശക്തി കൂടിക്കൂടിവരികയാണ്. ഗ്രാമത്തിലെ പെണ്ണുങ്ങൾക്ക് അതൊരു ചർച്ചയായി. തങ്ങളുടെ കുഞ്ഞുങ്ങളുടെ ഒരുനേരത്തെ ആഹാരത്തിനായി അവർ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു. മിക്കപേരും മുക്കുവന്മാർ ആണ്. പ്രളയം വന്നാൽ ജീവിക്കാൻ വക ഇല്ലാത്തവർ.

വെള്ളം കയറി. തോടുകളും പുഴകളും നിറഞ്ഞു. പുറത്തിറങ്ങാൻ കഴിയാത്ത വിധത്തിൽ മഴ പെയ്തിറങ്ങി. തൊട്ടടുത്ത ചിരിക്ക് ചെറിയ മാറ്റങ്ങൾ സംഭവിക്കാൻ തുടങ്ങി. ഉരുൾപൊട്ടൽ സംഭവിച്ചത് തങ്ങളുടെ പല കൂട്ടുകാരും വസിക്കുന്നുണ്ട് അവരിപ്പോൾ ജീവിച്ചിരിക്കുന്നുണ്ടോ എന്ന് സംശയമാണ്. മരണത്തിൻറെ വിളിക്ക് ഒരു മിനിറ്റ് മതി എന്ന് എനിക്കിപ്പോൾ തോന്നുകയാണ്. പ്രദേശത്തെ കുറെ വീടുകളിൽ വെള്ളം കയറാൻ തുടങ്ങി. ഒരു വാഹനം ഗ്രാമത്തിൽ വന്നെത്തി. അതിൽ കുറെ പേര് കയറ്റി സുരക്ഷിതമായ ഒരു സ്ഥലത്ത് എത്തിക്കാനുള്ള വാഹനമാണിത്. എനിക്കും ജീവനിൽ കൊതി തോന്നി. ഞാൻ ആരെയും നോക്കാതെ വാഹനത്തിൽ കയറി. ഒരു ഓഡിറ്റോറിയത്തിന് ഗേറ്റ് വരെ എത്തി ച്ചേ ആവാഹനം വീണ്ടും ഗ്രാമത്തിലേക്ക് തിരിച്ചുപോയി. ജീവനുവേണ്ടിയുള്ള നെട്ടോട്ടത്തിൽ അച്ഛനമ്മമാരെ നോക്കാതെ വാഹനത്തിൽ കയറിയ അവൻ അവരും വാഹനത്തിൽ കയറിയിട്ട് ഉണ്ടാവും എന്നുകരുതി. അടുത്ത വാഹനത്തിൽ അവർ എത്തും എന്ന് കരുതി പ്രതീക്ഷയോടെ അവൻ നിന്നോ. എന്നാൽ പിന്നീട്

വന്ന വാഹനത്തിലും അവർ ഉണ്ടായിരുന്നില്ല. അവന് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. ഓഡിറ്റോറിയത്തിൽ പലരുടെയും തേങ്ങലുകൾ കേൾക്കാമായിരുന്നു. ചിലർ തങ്ങളുടെ വീട് ഓർത്ത്, ചിലർ പ്രിയപ്പെട്ടവരുടെ മരണവാർത്തയറിഞ്ഞ്, ചിലർ ഇനി എങ്ങോട്ട് പോകും എന്നോർത്ത്. അങ്ങനെ പലതരത്തിൽ. വിശപ്പടക്കാൻ ഒരു കഷണം ബ്രഡ് ബ്രഡ് തിന്ന് വരാന്തയിലൂടെ നടക്കുമ്പോഴാണ് ഉരുൾപൊട്ടലിൽ മരിച്ചവരുടെ മൃതദേഹങ്ങൾ അവിടെ എത്തിച്ചത്. അതിൽ തൻറെ അച്ഛനമമ്മയും ഉണ്ടാകുമെന്ന് അവൻ പ്രതീക്ഷിച്ചില്ല. അവൻ ഏകാന്തതയിൽ ആയപോലെ തോണി. അവൻ ദൈവത്തോട് ചോദിച്ചു ഇനിയെനിക്ക് ആരുണ്ട്? എന്നെ മാത്രം ബാക്കി വെച്ചത് എന്തിന്?

അവന്തിക പി
7B